**പത്രക്കുറിപ്പ്**
**3-10-2017**

## പെട്രോൾ പമ്പുകളിലെ ടോയ്‌ലെറ്റ് മാനേജ്മെന്റ്: കുടുംബശ്രീയും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡും കൈകോർക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ(ഐ.ഓ.സി) കീഴിലുള്ള 76 പെട്രോൾ പമ്പുകളിൽ ടോയ്‌ലെറ്റ് മാനജ്മെന്റിനായി കുടുംബശ്രീ വനിതകൾക്ക് അവസരം. ഐ.ഓ.സിയുടെ കീഴിൽ സംസ്ഥാനത്തുടനീളമുള്ള പെട്രോൾ പമ്പുകളോടു ചേർന്ന് വൃത്തിയും ശുചിത്വവുമുള്ള ശുചിമുറികളും അനുബന്ധ സൗകര്യങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കുടുംബശ്രീ വനിതകൾക്ക് ഇതിന്റെ നടത്തിപ്പു ചുമതല നൽകിയിട്ടുള്ളത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് ചീഫ് ജനറൽ മാനേജർ പി.എസ് മണി എന്നിവർ ഇതു സംബന്ധിച്ച ധാരണാ പത്രം ഒപ്പു വച്ചു.

നിലവിൽ ടോയ്‌ലെറ്റ് മാനേജ്മെന്റിനായി ഐ.ഓ.സിയുടെ കീഴിലുള്ള 76 പമ്പുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഇരുപതോളം പമ്പുകളിൽ കുടുംബശ്രീ വനിതകളെ ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലിക്കു നിയോഗിച്ചു. ഇപ്രകാരം നിയമിതരായ വനിതകൾക്ക് പ്രതിമാസം ഒമ്പതിനായിരം രൂപയാണ് ശമ്പളം. അടുത്ത ഘട്ടത്തിൽ കൂടുതൽ പെട്രോൾ പമ്പുകളിലേക്ക് കുടുംബശ്രീ വനിതകളുടെ സേവനം വ്യാപിപ്പിക്കുന്നതിലൂടെ അയൽക്കൂട്ട ശൃംഖലയിലുള്ള നിരവധി പേർക്ക് ഈ മേഖലയിൽ തൊഴിലവസരം ലഭ്യമാകും.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന സ്വച്ഛ് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി രാജ്യത്തെ ആദ്യ വെളിയിട വിസർജന വിമുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിച്ചത് കേരളമാണ്. ഈ നേട്ടം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം ഇന്ത്യൻ ഓയിൽ കോർപ്പറേഷനും പങ്കാളിയായിരുന്നു. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് ഐ.ഓ.സിയുടെ കീഴിലുള്ള പെട്രോൾ പമ്പുകളോടു ചേർന്ന് ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനും നടത്തിപ്പുചുമതല കുടുംബശ്രീ വനിതകൾക്കു നൽകാനും തീരുമാനിച്ചത്. ഹൗസ് കീപ്പിങ്ങ് റെയിൽവേ പാർക്കിങ്ങ് റെയിൽവേ സ്റ്റേഷനുകളിലെ എ.സി വെയിറ്റിങ്ങ് റൂം മാനേജ്മെന്റ് എന്നീ മേഖലകളിൽ കുടുംബശ്രീ വനിതകളുടെ മികവു കൂടി പരിഗണിച്ചാണിത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ